"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം 539/09 ലെ വിധി - ശ്രീമതി ചിത്രയുടെ അപേക്ഷ സെക്ഷൻ 28(എ) പ്രകാരം തീർപ്പാക്കിയ വകയിലുള്ള തുക ഒടുക്കൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1135/2024/PWD തിരുവനന്തപുരം, തീയതി,08-11-2024

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22.08.2024 ലെ DCTVM- K16-919426/24 നമ്പർ നടപടിക്രമം
2. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 01.10.2024 ലെ CEPWD/17504/2024-C3(F)-NH നം. കത്ത്.

**ഉത്തരവ്**

ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം 539/09 ലെ വിധിപ്രകാരം സമാന സ്വഭാവമുള്ള ഭൂമിയിൽ നഷ്ടപരിഹാരം പുനർനിർണയം നടത്തണമെന്ന ശ്രീമതി വി. ചിത്ര D/O വാമാക്ഷി എന്നയാളുടെ അപേക്ഷ സെക്ഷൻ 28(എ) പ്രകാരം തീർപ്പാക്കിയ വകയിൽ 5,08,683/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം 539/09 ലെ വിധിപ്രകാരം സമാന സ്വഭാവമുള്ള ഭൂമിയിൽ നഷ്ടപരിഹാരം പുനർനിർണയം നടത്തണമെന്ന ശ്രീമതി വി. ചിത്ര D/O വാമാക്ഷി എന്നയാളുടെ അപേക്ഷ സെക്ഷൻ 28(എ) പ്രകാരം തീർപ്പാക്കിയ വകയിൽ നൽകേണ്ട തുകയായ 5,08,683/- രൂപ (അഞ്ച് ലക്ഷത്തി എണ്ണായിരത്തി അറുന്നൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) യുടെ ഭരണാനുമതി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിസി മോൾ. ഇ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ) പൊതുമരാമത്ത് വകുപ്പ്, കൊല്ലം
ജില്ലാകളക്ടർ, തിരുവനന്തപുരം..
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 11-11-2024 09:31:59

സെക്ഷൻ ഓഫീസർ